സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

സർവ്വീസിൽ നിന്നും വിരമിച്ചവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും അവരുടെ ബാദ്ധ്യത ഈടാക്കുന്നതിനും സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 10384/22/Est-I** നന്തൻകോട്, **20/09/2023**

---

പരാമർശം :- 1) സ.ഉ. (അച്ചടി) നം: 82/2022/ധന, തീയതി 04-07-2022.
2) ദേവസ്വം കമ്മീഷണറുടെ 29-12-2022 ലെ
ROC 22773/22/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ന്റെ പരിധിയിൽ ഉൾപ്പെട്ട സർവ്വീസിൽ നിന്നും വിരമിച്ചവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും അവരുടെ ബാദ്ധ്യത ഈടാക്കുന്നതിനും സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം -1).

ടി നടപടി ക്രമങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കിയതിൽ KSR ഭാഗം III ൽ 2, 3, 59, 116 എന്നീ ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങളാണ് സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതെന്നും KSR ഭാഗം III ദേവസ്വം ബോർഡിൽ നടപ്പിൽ വരുത്തിയിട്ടുള്ളതിനാൽ ടി സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്നവ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പിൽ വരുത്താവുന്നതായി ദേവസ്വം കമ്മീഷണർ അഭിപ്രായപ്പെട്ടു (പരാമർശം -2).

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

KSR ഭാഗം III പ്രകാരം സർവ്വീസിൽ നിന്നും വിരമിച്ചവർക്കെതിരെയുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും അവരുടെ ബാദ്ധ്യത ഈടാക്കുന്നത് സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) ചട്ടം 2 :-

(i) ഭാവിയിലുള്ള നല്ല പെരുമാറ്റം ഉറപ്പാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് പെൻഷൻ നൽകുന്നത്. KSR ഭാഗം III ചട്ടം 2(a) പ്രകാരം പെൻഷണർക്കെതിരെ ഗൗരവമായ കുറ്റകൃത്യം സ്ഥാപിക്കപ്പെടുമ്പോൾ അല്ലെങ്കിൽ ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് തീരുമാനിക്കുമ്പോൾ ബോർഡിന് ലിഖിതമായ ഉത്തരവിനാൽ പെൻഷനോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗമോ തടഞ്ഞു വയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്. അതായത് ഒരു പെൻഷണർക്കെതിരെ സ്ഥാപിക്കപ്പെടുന്ന കുറ്റകൃത്യങ്ങളുടെ ഭാഗമായി ടിയാന്റെ പ്രവൃത്തി, നല്ല പെരുമാറ്റം ഉറപ്പാക്കണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ പെൻഷനിൽ കുറവ് വരുത്തുന്ന അല്ലെങ്കിൽ പെൻഷൻ പൂർണ്ണമായും പിൻവലിക്കുന്ന, തടഞ്ഞു വയ്ക്കുന്ന സാഹചര്യങ്ങളിലാണ് KSR ഭാഗം III ചട്ടം 2 ബാധകമാകുന്നത്. സർവ്വീസിലിരിക്കുമ്പോൾ നടന്ന സംഭവത്തിന്മേൽ ഈ ചട്ടം ബാധകമാക്കാനാകില്ല. ടി ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണ്.

(ii) ഒരു പെൻഷണറെ കോടതി ശിക്ഷിച്ചാലും ഗുരുതരമായ കുറ്റകൃത്യത്തിന് ഒരു പെൻഷണറെ ജുഡീഷ്യൽ കസ്റ്റഡിയിൽ 30 ദിവസത്തിൽ കൂടുതൽ വിട്ടാലും പ്രസ്തുത വിവരം ജയിൽ സൂപ്രണ്ട്/സ്റ്റേഷൻ ഹൗസ് ആഫീസർ/ജില്ലാതല നിയമ ആഫീസർ എന്നിവർ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറെ അറിയിക്കേണ്ടതാണ്. മേൽ വിധിന്യായത്തിന്റെ പകർപ്പ്, പെൻഷണറുടെ വിശദവിവരം, ടി കേസ്സിന്റെ മറ്റ് വിവരങ്ങൾ എന്നിവ സഹിതം വിശദമായ റിപ്പോർട്ട് ദേവസ്വം കമ്മീഷണർ, സെക്രട്ടറിക്ക് നൽകേണ്ടതാണ്. KSR ഭാഗം III ചട്ടം 2(a) പ്രകാരം നടപടി സ്വീകരിക്കുന്നതിന് മുൻപായി പെൻഷണർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കി കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് പെൻഷണർക്ക് നൽകേണ്ടതും പെൻഷണർ സമർപ്പിക്കുന്ന വിശദീകരണം പരിഗണിക്കേണ്ടതുമാണ്. ശിക്ഷാ കാലയളവിലും തുടർന്നും പെൻഷൻ നൽകുന്ന വിഷയത്തിലും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(2) ചട്ടം 3 :-

ചട്ടം 3 പ്രകാരം വകുപ്പുതല അച്ചടക്ക നടപടി/ജുഡീഷ്യൽ നടപടിയുടെ ഭാഗമായി ഒരു പെൻഷണറുടെ പെൻഷൻ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ പിൻവലിക്കാവുന്നതാണ്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നേരിട്ട സാമ്പത്തിക നഷ്ടം, വകുപ്പുതല അച്ചടക്ക നടപടി/ജുഡീഷ്യൽ നടപടിയുടെ ഭാഗമായി പെൻഷനിൽ നിന്നും ഈടാക്കാവുന്നതാണ്.

(3)ചട്ടം 3 (a) :-

*(i)* ഒരു ജീവനക്കാരൻ സർവ്വീസിലിരിക്കുമ്പോൾ KCS (CC&A) ചട്ടപ്രകാരം ആരംഭിച്ച വകുപ്പുതല നടപടികൾ സർവ്വീസിൽ നിന്നും വിരമിക്കുമ്പോഴും തീർപ്പാക്കിയിട്ടില്ലായെങ്കിൽ KSR ഭാഗം III ചട്ടം 3(a) പ്രകാരം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. സർവ്വീസിലിരിക്കുമ്പോൾ അച്ചടക്ക നടപടി ആരംഭിച്ച അതേ അധികാരിക്കു തന്നെ KSR ഭാഗം III ചട്ടം 3(a) പ്രകാരമുള്ള അച്ചടക്കട നടപടി തുടരാവുന്നതാണ്. KCS (CC&A) ചട്ടപ്രകാരം ഒരാൾക്ക് മേജർ പെനാൽറ്റി നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് (KCS (CC&A) Rule ലെ ചട്ടം 15) അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് അച്ചടക്ക നടപടി തുടരാവുന്നതും കുറ്റക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടി വ്യക്തമാക്കി ബോർഡിലേക്ക് റിപ്പോർട്ട് നൽകേണ്ടതും ബോർഡ് തുടർ നടപടി കൈക്കൊള്ളാൻ തീരുമാനിക്കുന്നപക്ഷം ഈ ചട്ടപ്രകാരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കി ടി വ്യക്തിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതും നിശ്ചിത കാലയളവിനുള്ളിൽ ടിയാന്റെ മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ ടിയാനെ കേട്ടതിനുശേഷം ബോർഡ് അന്തിമ തീരുമാനമെടുക്കേണ്ടതുമാണ്. ടി ചട്ടപ്രകാരം സബോർഡിനേറ്റ് അധികാരിക്ക് അച്ചടക്ക നടപടി തുടരാൻ അനുമതിയുണ്ടെങ്കിലും പെൻഷനിൽ നിന്നും തുക കുറവ് ചെയ്യുന്നതിനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണ്. ശിക്ഷ ഉയർത്തി നൽകുവാൻ കാര്യകാരണങ്ങളുടെ വെളിച്ചത്തിൽ ബോർഡ് തീരുമാനിക്കുന്ന പക്ഷം പ്രസ്തുത വിവരം ഉൾപ്പെടുത്തി പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് ടി വ്യക്തിക്ക് നൽകി ന്യായയുക്തമായ അവസരം നൽകി ടിയാനെ കേട്ട് മറുപടി വാങ്ങി അന്തിമ തീരുമാനമെടുക്കാവുന്നതാണ്.

(ii) ടി ചട്ടപ്രകാരം വകുപ്പുതല നടപടി നേരിടുന്ന വിരമിച്ച ജീവനക്കാരന് ചട്ടം 3A (a) പ്രകാരം അയാളുടെ യോഗ്യമായ സർവ്വീസിന്റെ അടിസ്ഥാനത്തിൽ അനുവദനീയമാകുന്ന പരമാവധി പെൻഷനിൽ കവിയാത്ത ഒരു തുക താൽക്കാലിക പെൻഷനായി അനുവദിക്കാവുന്നതാണ്. ടി നടപടിയുടെ തീർപ്പാക്കലും അതിന്മേലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കലും വരെ യതൊരു അന്ത്യോപദാനവും (DCRG) പെൻഷൻ കമ്മ്യൂട്ടേഷനും നൽകുവാനും പാടില്ല.

(iii) ഒരു ജീവനക്കാരന് അല്ലെങ്കിൽ പെൻഷണർക്ക് ചാർജ്ജ് മെമ്മോ നൽകിയ തീയതി മുതൽ വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചതായി കരുതേണ്ടതാണ്. എന്നാൽ സസ്പെൻഷനിലിരിക്കെ വസ്തുതാവിവരണ പത്രിക നൽകിയാൽ സസ്പെൻഷൻ തീയതി മുതൽ അച്ചടക്ക നടപടി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്. സസ്പെൻഷനിലിരിക്കെ വിരമിക്കുകയോ സസ്പെൻഷനു ശേഷവും സർവ്വീസിൽ പുന:പ്രവേശിക്കുകയും തുടർന്ന് വിരമിക്കുകയോ ചെയ്യുന്ന കേസ്സുകളിൽ

വസ്തുതാവിവരണ പത്രിക പ്രസ്തുത കാലയളവിൽ നൽകാത്തപക്ഷം അച്ചടക്ക നടപടി ആരംഭിച്ചതായി കണക്കാക്കുവാൻ കഴിയുകയില്ല.

(iv) ജീവനക്കാരൻ വിരമിച്ച് ഒരു വർഷത്തിനുള്ളിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കേണ്ടതാണ്. KSR ഭാഗം III പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കുന്നത് പെൻഷനിൽ കുറവ് ചെയ്തു കൊണ്ടായതിനാൽ ഒന്നിലധികം വകുപ്പുതല അച്ചടക്ക നടപടികൾ നേരിടുന്ന ജീവനക്കാരൻ വിരമിച്ചാൽ അയാൾക്കെതിരെയുള്ള എല്ലാ അച്ചടക്ക നടപടികളും ഒരുമിച്ച് പരിഗണിച്ച് തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(4) ചട്ടം 3 (b) :-

സർവ്വീസിലിരിക്കുമ്പോൾ ഒരു ജീവനക്കാരനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലായെങ്കിലും കുറ്റാരോപിതൻ വിരമിച്ചാലും (പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചാലും ഇല്ലെങ്കിലും) സംഭവം നടന്ന് നാല് വർഷ കാലയളവ് പിന്നിട്ടിട്ടില്ലാത്ത പക്ഷം അയ്യാൾക്കെതിരെ KSR ഭാഗം III ചട്ടം 3(b)(i) പ്രകാരമുള്ള അച്ചടക്ക നടപടി ബോർഡിന്റെ അനുമതിയോടെ സ്വീകരിക്കാവുന്നതാണ്. ബോർഡ് നിർദ്ദേശിക്കുന്ന അധികാര സ്ഥാനത്തിന് തന്നെ ടി നടപടി തുടരാവുന്നതും KCS (CC&A) ചട്ടപ്രകാരം ഒരാൾക്ക് മേജർ ശിക്ഷ നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് (KCS (CC&A) Rule ലെ ചട്ടം 15) അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് അച്ചടക്ക നടപടി തുടരാവുന്നതും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റാരോപിതനെതിരെ സ്വീകരിക്കേണ്ട നടപടി വ്യക്തമാക്കി ബോർഡിലേക്ക് റിപ്പോർട്ട് നൽകേണ്ടതും ടി റിപ്പോർട്ടിൽ ബോർഡ് തുടർ നടപടി കൈക്കൊള്ളാൻ തീരുമാനിക്കുന്ന പക്ഷം ഈ ചട്ടപ്രകാരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കി ടി വ്യക്തിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി ന്യായയുക്തമായ അവസരം നൽകി, ടിയാന്റെ മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ ടിയാനെ കേട്ടതിനുശേഷം അന്തിമ തീരുമാനമെടുക്കാവുന്നതുമാണ്. ശിക്ഷയുടെ ഭാഗമായി പെൻഷൻ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ പിൻവലിക്കാവുന്നതാണ്. ഈ ചട്ടപ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ടതാണ്.

(5) ചട്ടം 3 (c) :-

(i) വിരമിച്ച ഉദ്യോഗസ്ഥന്റെ പേരിൽ നീതിന്യായ നടപടി ആരംഭിക്കുന്ന പക്ഷം ടി നടപടി തുടങ്ങുന്നതിനാധാരമായ സംഭവം നടന്നിട്ട് നാല് വർഷം കഴിയുന്ന കേസ്സുകളിൽ ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. വിരമിക്കുന്ന സമയത്ത് നീതിന്യായ നടപടി നേരിടുന്ന ജീവനക്കാരന് ചട്ടം

3A(a) പ്രകാരം അയാളുടെ യോഗ്യമായ സർവ്വീസിന്റെ അടിസ്ഥാനത്തിൽ അനുവദനീയമാകുന്ന പരമാവധി പെൻഷനിൽ കവിയാത്ത ഒരു തുക താൽക്കാലിക പെൻഷൻ ആയി അനുവദിക്കാവുന്നതാണ്. ടി നടപടി തീർപ്പാക്കി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ യാതൊരു അന്ത്യോപദാനവും (DCRG), പെൻഷൻ കമ്മ്യൂട്ടേഷനും നൽകുവാനും പാടില്ല. ക്രിമിനൽ കേസ്സുകളിൽ മജിസ്ട്രേറ്റ് കുറ്റം വിചാരണയ്ക്ക് എടുക്കുന്ന തീയതിയിലും സിവിൽ കേസ്സുകളിൽ അന്യായ ഹർജി കോടതിയിൽ ഹാജരാക്കുന്ന തീയതിയിലും നീതിന്യായ നടപടി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്.

(ii) സർവ്വീസിലിരിക്കെ നിതിന്യായ നടപടി നേരിടുന്ന ജീവനക്കാർക്കെതിരെ നീതിന്യായ നടപടിക്ക് പുറമേ നിയമനാധികാരി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കേണ്ടതും കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി, വിധി പുറപ്പെടുവിക്കുന്ന തീയതി മുതൽ ആറ് മാസത്തിനകം വകുപ്പുതല നടപടി തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(6) ചട്ടം 59 (b) :-

വിരമിച്ച കുറ്റാരോപിതർക്കെതിരെ KSR III ചട്ടം 3 പ്രകാരം നടപടികൾ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ലായെങ്കിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 59 (b) പ്രകാരം ബോർഡിന് അച്ചടക്ക നടപടി ആരംഭിക്കാവുന്നതാണ്.

ചട്ടം 59 (b) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി ന്യായയുക്തമായ അവസരം നൽകി മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ കുറ്റാരോപിതരെ കേട്ടതിനുശേഷം ശിക്ഷാ നടപടിയിൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. ടി ചട്ടപ്രകാരം മേജർ ശിക്ഷ എന്ന നിലയിൽ പെൻഷന്റെ ഒരു നിശ്ചിത ഭാഗം മാത്രം സ്ഥിരമായി കുറവ് ചെയ്ത് അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്. ഈ ചട്ടം പെൻഷനിൽ സ്ഥിരമായ കുറവ് വരുത്തുന്നതിനുള്ള വ്യവസ്ഥയാണ്. ടി ചട്ടം ഒരു അന്വേഷണ വിചാരണ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ വിരമിച്ച ജീവനക്കാരന് അയാളെ സ്വയം ന്യായീകരിക്കുന്നതിനും വിശദീകരണം നൽകുന്നതിനും അവസരം നൽകേണ്ടതാണ്.

(7) ചട്ടം 59 (c) :-

വകുപ്പുതല/നീതിന്യായ നടപടി എന്നിവയിൽ വിരമിച്ചതിനുശേഷം കുറ്റക്കാരെന്ന് കാണുന്ന ഉദ്യോഗസ്ഥർക്ക് പെൻഷനാനുകൂല്യങ്ങൾ വിതരണം ചെയ്താലും ഇല്ലെങ്കിലും അവർക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 59 (c)

പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പെൻഷനിൽ കുറവ് വരുത്തുവാനും പെൻഷൻ പൂർണ്ണമായും പിൻവലിക്കാനും ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ചട്ടം 59 (c) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി ന്യായയുക്തമായ അവസരം നൽകി മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ കുറ്റാരോപിതരെ കേട്ടതിനുശേഷം ശിക്ഷാ നടപടിയിൽ തീർപ്പ് കൽപ്പിക്കാവുന്നതുമാണ്. ടി ചട്ടപ്രകാരം മേജർ ശിക്ഷ എന്ന നിലയിൽ പെൻഷൻ പൂർണ്ണമായും പിൻവലിച്ചോ ഒരു നിശ്ചിത ഭാഗം മാത്രം സ്ഥിരമായി കുറവ് ചെയ്തോ അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്. പെൻഷനിൽ സ്ഥിരമായ കുറവ് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള ടി ചട്ടം ഒരു അന്വേഷണ വിചാരണ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ വിരമിച്ച ജീവനക്കാരന് അയാളെ സ്വയം ന്യായീകരിക്കുന്നതിനും വിശദീകരണം നൽകുന്നതിനും അവസരം നൽകേണ്ടതാണ്.

(ഃ) ചട്ടം 59 (d) :-

ക്രമവിരുദ്ധമായ നടപടികൾ നിർവ്വഹിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിക്കുകയും പെൻഷൻ ആനുകൂല്യങ്ങളെല്ലാം കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്കെതിരെ KSR ഭാഗം III ചട്ടം 3, 59 (b) & 59 (c) എന്നിവ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ബോർഡിന് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് KSR ഭാഗം III ചട്ടം 59 (d) പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- കുറ്റാരോപിതന് കാരണം കാണിക്കൽ നോട്ടീസ് നൽകി മറുപടി സമർപ്പിക്കുന്നതിന് 15 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്.
- ടിയാന്റെ മറുപടി കൈപ്പറ്റിയതിനുശേഷം/യഥാസമയം മറുപടി ലഭിക്കാത്തപക്ഷം അച്ചടക്ക നടപടികളുമായി മുന്നോട്ടു പോകുവാൻ തീരുമാനിക്കുകയാണെങ്കിൽ കുറ്റാരോപിതൻ വിരമിച്ച തസ്തികയെക്കാൾ ഉയർന്ന തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ അന്വേഷണ അധികാരിയായി നിയമിച്ച് ഔപചാരിക അന്വേഷണം നടത്തേണ്ടതാണ്.
- അന്വേഷണ അധികാരി ലഭ്യമായ തെളിവുകളുടേയും പ്രമാണങ്ങളുടേയും അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള ആരോപണം സൂക്ഷ്മ പരിശോധന നടത്തി ടിയാനെ നേരിൽ കേട്ടതിനുശേഷം 45 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- അന്വേഷണ അധികാരിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം അന്വേഷണ റിപ്പോർട്ട് സഹിതം ടിയാനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന

നിർദ്ദിഷ്ട നടപടി വ്യക്തമാക്കി കുറ്റാരോപിതന് നോട്ടീസ് നൽകേണ്ടതാണ്. ടിയാന് മറുപടി സമർപ്പിക്കുവാൻ 15 ദിവസത്തെ സമയപരിധി നൽകി ആവശ്യമെങ്കിൽ ടിയാനെ/ടിയാളെ നേരിട്ട് കേൾക്കുകയും ചെയ്യേണ്ടതാണ്.

- അന്വേഷണ റിപ്പോർട്ട്, കുറ്റാരോപിതനായ വിരമിച്ച ഉദ്യോഗസ്ഥൻ നോട്ടീസിന് നൽകിയ മറുപടി എന്നിവ പരിശോധിച്ചതിനുശേഷം അച്ചടക്ക നടപടികൾ തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ചട്ടം 59 (d) പ്രകാരം മേജർ ശിക്ഷ എന്ന നിലയിൽ പെൻഷൻ പൂർണ്ണമായും പിൻവലിച്ചോ ഒരു നിശ്ചിത ഭാഗം മാത്രം സ്ഥിരമായി കുറവ് ചെയ്തോ അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്. പെൻഷനിൽ സ്ഥിരമായ കുറവ് വരുത്തുന്നതിനുള്ള വ്യവസ്ഥയടങ്ങിയതാണ് ഈ ചട്ടം.

(9) ഒരാൾക്കെതിരെ KSR ഭാഗം III ലെ ഏതെങ്കിലും ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിച്ചു വരവെ മറ്റൊരു കേസ്സിൽ KSR ഭാഗം III ലെ മറ്റൊരു ചട്ടപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കരുത്. രണ്ടാമത്തെ കേസ്സും കൂടി ഉൾപ്പെടുത്തി ആദ്യ കേസ്സിൽ അച്ചടക്ക നടപടി തുടരാവുന്നതും നടപടി ക്രമങ്ങൾ പാലിച്ച് പൂർത്തിയാക്കാവുന്നതുമാണ്.

(10) KSR ഭാഗം III ചട്ടം 2, 3 & 59 എന്നിവ പ്രകാരം പെൻഷനിൽ കുറവ് ചെയ്യുന്നപക്ഷം പെൻഷണർക്ക് ലഭിക്കേണ്ട തുക കാലാകാലങ്ങളിലുള്ള ഏറ്റവും കുറഞ്ഞ പെൻഷന്റെ (Minimum Pension) 50 % ത്തിൽ കുറയുവാൻ പാടില്ല. എന്നാൽ പെൻഷൻ പിൻവലിക്കുവാൻ തീരുമാനിക്കുന്നപക്ഷം ആയത് പൂർണ്ണമായും പിൻവലിക്കാവുന്നതാണ്. ചട്ടം 59 (b) (c) (d) എന്നിവ പ്രകാരമുള്ള നടപടികൾ ബോർഡ്തലത്തിൽ ആരംഭിച്ച് ആയത് ആറ് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

(11) പെൻഷൻ തടഞ്ഞു വയ്ക്കുന്നതിനുള്ള നടപടിക്രമം :-

KSR ഭാഗം III ചട്ടം 3 പ്രകാരം പെൻഷൻ തടഞ്ഞുവയ്ക്കാൻ അച്ചടക്ക അധികാരി തീരുമാനിക്കുന്നപക്ഷം പ്രസ്തുത വിവരം ദേവസ്വം അക്കൗണ്ട്സ് ആഫീസറെ അറിയിക്കേണ്ടതാണ്. സാധാരണനിലയിൽ ഇപ്രകാരം തടഞ്ഞുവയ്ക്കുന്ന തുക ജീവനക്കാരന് അനുവദിച്ചിട്ടുള്ള/ലഭിക്കുമായിരുന്ന പെൻഷന്റെ 1/3 ഭാഗത്തിൽ കവിയാൻ പാടില്ല.

(12) DCRG യിൽ നിന്നും ബാദ്ധ്യത ഈടാക്കുന്നത് സംബന്ധിച്ച് :-

(a) ചട്ടം 3 ന് താഴെയുള്ള കുറിപ്പ് 2 & 3 റൂളിംഗ് 1

(i) KSR ഭാഗം III ലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചുകൊണ്ട് ഒരാളുടെ DCRG യിൽ നിന്നും ബോർഡിന്റെ

ബാദ്ധ്യത ഈടാക്കാൻ സാധിക്കുന്നതല്ല. എന്നാൽ ജീവനക്കാരന്/പെൻഷണർക്ക് ബോർഡിൽ എന്തെങ്കിലും ബാദ്ധ്യതയുണ്ടെങ്കിൽ, വകുപ്പുതല നടപടി ഇല്ലാതെ തന്നെ പെൻഷണറുടെ DCRG യിൽ നിന്നും ജീവനക്കാരൻ വിരമിക്കുന്നതിന് മുൻപ് അല്ലെങ്കിൽ വിരമിച്ച് 3 വർഷക്കാലയളവിനുള്ളിൽ തിട്ടപ്പെടുത്തി ടിയാനെ അറിയിച്ചിട്ടുള്ള ബാദ്ധ്യതകൾ മാത്രം ഈടാക്കാവുന്നതാണ്.

(ii) ഒരു ജീവനക്കാരന്റെ ബോർഡിതര ബാദ്ധ്യതകൾ (സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാർ കമ്പനികൾ, ധനകാര്യ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുമുള്ള ബാദ്ധ്യതകൾ) ജീവനക്കാരൻ വിരമിക്കൽ സമയത്ത് ഡി.ഡി.ഒ. യ്ക്ക്/ആഫീസ് മേലധികാരിയ്ക്ക് എഴുതി നൽകുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലല്ലാതെ DCRG യിൽ നിന്നും ഈടാക്കുവാൻ പാടില്ല

(iii) ഒരു ജീവനക്കാരന്റെ DCRG യിൽ നിന്നും ബോർഡ്, ബോർഡിതര ബാദ്ധ്യതകൾ ഈടാക്കേണ്ടി വരുമ്പോൾ ബോർഡിന്റെ ബാദ്ധ്യത പൂർണ്ണമായും ഈടാക്കിയതിനുശേഷം ബോർഡിതര ബാദ്ധ്യതകൾ ഡി.ഡി.ഒ. (Drawing & Disbursing Officer) ക്ക് ലഭിച്ച പെൻഷണറുടെ സമ്മതപത്രത്തിന്റെ അടിസ്ഥനത്തിൽ ഈടാക്കാവുന്നതാണ്.

(iv) ബോർഡിന്റെ ബാദ്ധ്യത തുക DCRG യിൽ നിന്നും തടഞ്ഞുവയ്ക്കാൻ അച്ചടക്ക അധികാരി തീരുമാനിക്കുന്നപക്ഷം ബാക്കി DCRG തുക പെൻഷണർക്ക് ലഭിക്കുന്നതിന് പെൻഷൻ അനുവദിക്കുന്ന അധികാരി ബാദ്ധ്യതാപത്രം ദേവസ്വം അക്കൗണ്ട്സ് ആഫീസിലേക്ക് നൽകേണ്ടതാണ്. DCRG യിൽ നിന്നും തടഞ്ഞുവയ്ക്കുന്ന തുക സൂക്ഷിക്കുവാൻ ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക് പെൻഷൻ അനുവദിക്കുന്ന അധികാരി ഒരു ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്. DCRG യിൽ നിന്നും തടഞ്ഞുവച്ച തുക മടക്കി നൽകുവാൻ ഭാവിയിൽ തീരുമാനിക്കുന്നപക്ഷം പെൻഷണർക്ക് മടക്കി നൽകാവുന്നതും അപ്രകാരം തുക മടക്കി നൽകുന്നതിന് ഒരു ഉത്തരവ്/നടപടിക്രമം പുറപ്പെടുവിച്ച് പെൻഷൻ അനുവദിക്കുന്ന അധികാരി ദേവസ്വം അക്കൗണ്ടസ് ആഫീസർക്ക് നൽകേണ്ടതുമാണ്.

(b) ചട്ടം 3 B :-

ഒരു ജീവനക്കാരന്റെ വിരമിക്കലിനോ മരണത്തിനോ മുമ്പ് ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ഉത്തരവിന് പ്രഭാവം നൽകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തടഞ്ഞുയ്ക്കേണ്ടതായി ഉത്തരവായിട്ടുള്ള ഇൻക്രിമെന്റിന്റെ തുകയ്ക്ക് തുല്യമായ സാമ്പത്തിക മൂല്യം ജീവനക്കാരന്റെ

DCRG യിൽ നിന്നും ഈടാക്കാവുന്നതാണ്. എന്നാൽ പ്രസ്തുത തുക വസൂലാക്കുന്ന വേളയിൽ പെൻഷണർക്ക് മരണം സംഭവിക്കുന്ന കേസ്സുകളിൽ വസൂലാക്കൽ തുക ഒഴിവാക്കുന്നതിന് ബോർഡിന്റെ അനുമതി ആവശ്യമാണ്.

(13) ചട്ടം 116 നു താഴെയുള്ള റൂളിംഗ് 6 പ്രകാരം ബാദ്ധ്യത ഈടാക്കുന്നത് സംബന്ധിച്ച് :-

DCRG യിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത ബോർഡിന്റെ ബാദ്ധ്യത കെ.എസ്.ആർ. III ചട്ടം 116 ന് താഴെയുള്ള റൂളിംഗ് 6 പ്രകാരം സിവിൽ സ്യൂട്ട് ഫയൽ ചെയ്തോ ടിയാൻ കേരള പബ്ലിക് അക്കൗണ്ടന്റ്സ് ആക്ട് 1963 ന്റെ കീഴിൽ വരുന്നയാളാണെങ്കിൽ ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി മുഖേനയോ ഈടാക്കാവുന്നതാണ്.

(14) ക്ഷാമാശ്വാസത്തിൽ നിന്നോ പെൻഷൻ പരിഷ്ക്കരണ കുടിശ്ശികയിൽ നിന്നോ ബാദ്ധ്യത ഈടാക്കുന്നത് സംബന്ധിച്ച് :-

ഈടാക്കുവാനുള്ള ബാദ്ധ്യത തുക ചെറുതാണെങ്കിൽ സിവിൽ സ്യൂട്ട്/റവന്യൂ റിക്കവറി നടപടികൾ വഴി ഈടാക്കുന്നത് ബോർഡിന് ഭീമമായ സാമ്പത്തിക ബാദ്ധ്യതയും സമയനഷ്ടവും വരുത്തുന്നതിനാലും ക്ഷാമാശ്വാസത്തിന് നിയമപരിരക്ഷ ഇല്ലാത്തതിനാലും ബാദ്ധ്യത തുക ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്ക്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കാവുന്നതാണ്. ഇപ്രകാരം ബാദ്ധ്യത ഈടാക്കുന്നതിന് മുമ്പ് പെൻഷണറെ അറിയിക്കേണ്ടതും ന്യായയുക്തമായ അവസരം നൽകി കഴിയുമെങ്കിൽ കേൾക്കേണ്ടതുമാണ്. ഇങ്ങനെ ബാദ്ധ്യത ഈടാക്കുന്നതിന് വേണ്ടി പുറപ്പെടുവിക്കുന്ന ഉത്തരവിൽ/നടപടിക്രമത്തിൽ പ്രസ്തുത തുക ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്ക്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ജീവനക്കാരനെ പിരിച്ചുവിടുന്നതിന് പര്യാപ്തനായ അധികാരിയ്ക്ക് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(15) പെൻഷനിൽ നിന്നും ബാദ്ധ്യത ഈടാക്കുന്നത് സംബന്ധിച്ച് :-

ചട്ടം 3C :-

ഒരു ജീവനക്കാരന്റെ വിരമിക്കൽ തീയതി മുതൽ നാല് വർഷക്കാലയളവിനുള്ളിൽ കണ്ടുപിടിക്കപ്പെട്ടതും അയാളുടെ വിരമിക്കലിന് മുമ്പ് നാല് വർഷക്കാലയളവിനുള്ളിൽ തെറ്റായിട്ട് അയാൾക്ക് നൽകിയിട്ടുള്ളതുമായ അധിക തുക അയാൾക്ക് ലഭിക്കേണ്ട പ്രതിമാസ പെൻഷനിൽ നിന്നും 10 % ത്തിൽ കവിയാൻ പാടില്ലായെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഗഡുക്കളായി ഈടാക്കാവുന്നതാണ്. ഇങ്ങനെ ബാദ്ധ്യത

ഈടാക്കുന്നതിന് വേണ്ടി പുറപ്പെടുവിക്കുന്ന ഉത്തരവിൽ/നടപടിക്രമത്തിൽ പ്രസ്തുത തുക പെൻഷനിൽ നിന്നും ഈടാക്കുന്നതിനായി ബന്ധപ്പെട്ട ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ജീവനക്കാരനെ പിരിച്ചുവിടുന്നതിന് പര്യാപ്തനായ അധികാരിക്ക് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(16) മരണമടഞ്ഞ ജീവനക്കാരന്റെ ബാദ്ധ്യത ഈടാക്കുന്നത് സംബന്ധിച്ച് :-

ബാദ്ധ്യത തിട്ടപ്പെടുത്തി അറിയിക്കുന്നതിന് മുൻപ് ഉദ്യോഗസ്ഥൻ മരണപ്പെട്ടാൽ ബാദ്ധ്യത എങ്ങനെ ഈടാക്കാം എന്നത് സംബന്ധിച്ച് കെ.എസ്.ആർ. ഭാഗം III ൽ പ്രതിപാദിക്കുന്നില്ല. ബാദ്ധ്യത തിട്ടപ്പെടുത്തി ജീവനക്കാരനെ അറിയിക്കുകയും നിശ്ചിത സമയപരിധിക്കുള്ളിൽ ജീവനക്കാരൻ മറുപടി നൽകുകയോ സമയപരിധിയ്ക്ക് ശേഷം മറുപടി നൽകാതെ ജീവനക്കാരൻ മരണമടയുകയോ ചെയ്യുന്നപക്ഷം ബാദ്ധ്യതയായി അറിയിച്ച തുക DCRG യിൽ നിന്നും ഈടാക്കാവുന്നതാണ്. DCRG യിൽ നിന്നും ഈടാക്കിയശേഷവും ബാദ്ധ്യത നിലനിൽക്കുന്നുവെങ്കിൽ മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ സ്വത്ത് അനന്തരാവകാശികൾക്ക് എത്രത്തോളമാണോ ലഭ്യമായത് (Property inherit) അത്രത്തോളം തുക അവരിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കി ബാദ്ധ്യതയിൽ ഒടുക്കാവുന്നതുമാണ്.

(17) സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നവരുടെ/ പിരിച്ചുവിടുന്നവരുടെ കേസ്സുകളിൽ DCRG നൽകുന്നത് സംബന്ധിച്ച് :-

ചട്ടം 29(a) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നവരുടെ മുൻകാല സേവനം നഷ്ടപ്പെടുന്നതിനാൽ അവർക്ക് DCRG ക്ക് അർഹതയില്ല. ടി ജീവനക്കാർ ബോർഡിന് എന്തെങ്കിലും ബാദ്ധ്യത വരുത്തിയിട്ടുണ്ടെങ്കിൽ ആയത് റവന്യൂ റിക്കവറി/സിവിൽ സ്യൂട്ട് മുഖേന ഈടാക്കാവുന്നതാണ്.

(18) നിർബന്ധിത വിരമിക്കലും സർക്കാർ ബാദ്ധ്യതയും :-

നിർബന്ധിത വിരമിക്കൽ നേടുന്ന വ്യക്തി ബോർഡിനുണ്ടാക്കിയ നഷ്ടം/ബാദ്ധ്യത പൂർണ്ണമായും DCRG യിൽനിന്നും ഈടാക്കാവുന്നതാണ്. ആയത് നിർബന്ധിത വിരമിക്കൽ അനുവദിക്കുന്ന ഉത്തരവിൽ വ്യക്തമാക്കേണ്ടതാണ്. ബാദ്ധ്യത DCRG യെക്കാൾ അധികരിക്കുന്നുവെങ്കിൽ ആയത് സിവിൽ സ്യൂട്ട് ഫയൽ ചെയ്തോ ടിയാൻ പബ്ലിക്ക് അക്കൗണ്ടന്റ്സ് ആക്ട് 1963 ന്റെ പരിധിയിൽ വരുന്നയാളാണെങ്കിൽ ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി വഴിയോ ഈടാക്കാവുന്നതാണ്.

(19) കോടതി അറ്റാച്ച്മെന്റ് :-

ഒരു പെൻഷണറുടെ പെൻഷൻ, DCRG എന്നിവ ഒരു നീതിന്യായ കോടതിക്കും ജപ്തി ചെയ്യാനോ കണ്ടുകെട്ടാനോ അധികാരമില്ല. അത്തരത്തിൽ എന്തെങ്കിലും അധികാരസ്ഥാനം പ്രൊഹിബിറ്ററി ഓർഡർ പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ നിയമനാധികാരി/വകുപ്പ് തലവൻ/പെൻഷൻ അനുവദിക്കുന്ന അധികാരി ടി പ്രൊഹ്ബിറ്ററി ഓർഡർ ഒഴിവാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(20) അനധികൃത ഹാജരില്ലായ്മ കാലയളവ് ക്രമീകരണം :-

അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ജീവനക്കാരനെതിരെ യഥാസമയം അച്ചടക്ക നടപടി സ്വീകരിച്ച് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ അച്ചടക്ക നടപടി യഥാസമയം സ്വീകരിക്കാത്തതിനാൽ അവർ രക്ഷപ്പെടുകയാണ് ചെയ്യുന്നത്. അച്ചടക്ക നടപടി പൂർത്തിയാക്കി ടിയാളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ ടിയാൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടിവരുന്നുവെങ്കിൽ ബോർഡിനുണ്ടാകുന്ന ബാദ്ധ്യത ടി വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

KSR ഭാഗം III ചട്ടങ്ങൾ പ്രകാരം ഒരാളുടെ സ്വഭാവം (good character), ചട്ടം 115(c)(ii) പ്രകാരമുള്ള established service, ചട്ടം 59 (a) പ്രകാരമുള്ള തൃപ്തികരമായ സേവനകാലം (satisfactory service) എന്നിവ പരിഗണിച്ചാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. ഡ്യൂട്ടിയിൽ നിന്നും ബോധപൂർവ്വം വിട്ടുനിൽക്കുന്നത് വളരെ ഗൗരവമേറിയ പെരുമാറ്റ ദൂഷ്യമായി കണക്കാക്കി സംതൃപ്തികരമല്ലാത്ത സർവ്വീസിന്റെ വെളിച്ചത്തിൽ KSR ഭാഗം III ചട്ടം 59 (b) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് പെൻഷൻ നൽകുന്ന ആവശ്യത്തിലേക്കായി വിരമിച്ച ഒരു ജീവനക്കാരന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

അച്ചടക്ക നടപടി നേരിടുന്നവരുടെ അനധികൃത ഹാജരില്ലായ്മ കാലയളവ് അച്ചടക്ക നടപടി പൂർത്തിയാക്കിയതിനുശേഷം ക്രമീകരിക്കേണ്ടതാണ്.

മേൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

**SK**